**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1063** **18-09-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് മുഖാന്തരം നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആനക്കിടങ്ങ്, സൗരോർജവേലി എന്നിവ എവിടെയെല്ലാമാണ് സ്ഥാപിക്കുന്നതെന്നും എത്ര കിലോമീറ്റർ നീളത്തിലാണ് ഇവ നിർമ്മിക്കുന്നതെന്നും അവയുടെ നിർമ്മാണ പുരോഗതിയും സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ? | (എ) | തിരുവനന്തപുരം ഡിവിഷനിലെ പാലോട്, കുളത്തൂപ്പുഴ റെയിഞ്ചുകളിൽ ഉൾപ്പെട്ടുവരുന്ന വാമനപുരം മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് മുഖാന്തിരം നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആനക്കിടങ്ങ്, സൗരോർജ്ജവേലി എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | നടപ്പിലാക്കുന്ന പദ്ധതികൾ | നീളം |
| --- | --- | --- |
| 1 | വെങ്കലക്കോൺ-കൊടിച്ചില ആനക്കിടങ്ങ് നിർമ്മാണം (പൂർത്തീകരിച്ചു). | 3.8 കി.മീ. |
| 2 | ഒരുപറയ്ക്കരിയ്ക്കകത്ത് ആനക്കിടങ്ങ് നിർമ്മാണം (ആരംഭിച്ചു). | 900 മീ. |
| 3 | വീട്ടിക്കാവ് - ഈയ്യക്കോട് ആനക്കിടങ്ങ് (ഉടമ്പടി ഒപ്പുവച്ചു). | 2.8 കി.മീ. |
| 4 | അരിപ്പ-പോട്ടമാവ് ആദിവാസി ഉന്നതിക്ക് ചുറ്റും ആനക്കിടങ്ങ് നിർമ്മാണം (പൂർത്തീകരിച്ചു) | 3.7 കി.മീ. |
| 5 | അരിപ്പ മുതൽ താന്നിമൂട് വരെയും ഇരുതോട്ട മുതൽ സായിപ്പൻപണ വരെയും ഇലവുപാലം മുതൽ ജെ. എൻ. ടി. ബി. ജി. ആർ. ഐ. വരെയും ഉള്ള ഭാഗങ്ങളിൽ 9.27 കി. മീ. അനക്കിടങ്ങ് നിർമ്മിക്കുന്നതിന് RKVY പദ്ധതിയിൽ ഉൾപ്പെടുത്തി 163 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും Steel Industries Kerala Ltd (SILK) എന്ന സ്ഥാപനത്തിന് 02.08.2025 തീയതിയിൽ നിർമ്മാണ കരാർ നല്കിയിട്ടുള്ളതുമാണ്. | 9.27 കി.മീ. |
| 6 | താന്നിമൂട് ഉന്നതിക്ക് ചുറ്റും ആനക്കിടങ്ങ് നിർമ്മാണം (പ്രാരംഭ നടപടികൾ പുരോഗതിയിൽ). | 4.00 കി.മീ. |